**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1827** **29-09-2025 - ൽ മറുപടിയ്ക്ക്**

**അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽശാലയിൽ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാന നിർമ്മാണത്തിനായി നൂറ് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചതെന്നും പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ; | (എ) | ആദ്യഘട്ടമായി 184,51,42,781/- രൂപ (നൂറ്റി എൺപത്തി നാല് കോടി അൻപത്തി ഒന്ന് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) വിനിയോഗിച്ച് സർവ്വകലാശാലയുടെ ക്യാമ്പസ് വികസനത്തിനായി 50 ഏക്കർ സ്ഥലം വിളപ്പിൽശാലയിൽ ഏറ്റെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് & ടെക്നോളജി റിസർച്ച് പാർക്ക് (TrEST Research Park) - ന്റെ ഉപയോഗത്തിനായി 19.1946 ഹെക്ടർ ഭൂമി കിഫ്ബി അനുവദിച്ച 190,60,58,975/- രൂപ (നൂറ്റി തൊണ്ണൂറ് കോടി അറുപത് ലക്ഷത്തി അൻപത്തി എട്ടായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) വിനിയോഗിച്ച് സർവ്വകലാശാല ഏറ്റെടുത്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 2,33,18,950/- രൂപ (രണ്ട് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) പദ്ധതി ഇനത്തിൽ ഒന്നാം ഘട്ട ചുറ്റുമതിലിന്റെ നിർമ്മാണത്തിനായും 2023-24 സാമ്പത്തിക വർഷത്തിൽ 2,50,00,000/-രൂപ (രണ്ട് കോടി അൻപത് ലക്ഷം രൂപ മാത്രം) ചുറ്റുമതിലിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ആസ്ഥാന നിർമ്മാണത്തിനായി എത്ര തുകയുടെ അനുമതി ലഭ്യമായിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (ബി) | ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണത്തിനായി 07.02.2024 തീയതിയിലെ സ.ഉ.(സാധാ) നം.181/2024/ഉവിവ നമ്പർ ഉത്തരവ് പ്രകാരം നാല്പത്തി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>16.01.2025-ൽ നടന്ന സർവ്വകലാശാലയുടെ 63-ാം സിൻഡിക്കേറ്റ് യോഗത്തിൽ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള കരാർ അംഗീകാരത്തിനും എസ്റ്റിമേറ്റ് തുകയുടെ 20% മുൻകൂർ നൽകുന്നതിനുള്ള തീരുമാനത്തിനുമായി സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത |

| | | | |
|---|---|---|---|
| | | | യോഗം വൈസ് ചാൻസലർ റദ്ദാക്കിയിരുന്നു. തുടർന്ന് കൂടിയ സിൻഡിക്കേറ്റ് യോഗങ്ങൾ ക്വാറം തികയാത്തതിനാൽ മാറ്റിവയ്ക്കുകയുമുണ്ടായി.<br><br>12.04.2025 തീയതിയിലെ സ.ഉ.(അച്ചടി)നം. 11/2025/പൊമവ നമ്പർ ഉത്തരവ് പ്രകാരം DSR 2021 നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്യുന്നതിലേക്കായി നോൺ - പി.എം.സി. ഏജൻസി ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച അപേക്ഷ 02.09.2025 - ൽ നടന്ന 67-ാം സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനക്കായി സമർപ്പിച്ചു. എസ്റ്റിമേറ്റ് തുക, DSR-2018 നിരക്കിൽ തന്നെ തുടരുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ചർച്ച നടത്താനും അപ്രകാരം DSR-2018 നിരക്കിൽ തുടരുകയാണെങ്കിൽ അഡ്വാൻസ് തുക നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്നും സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിക്കുകയുമുണ്ടായി. സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ചർച്ച നടത്തി അടിയന്തിരമായി നിർമാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സർവകലാശാല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ